# പ്ളാച്ചിമട പ്രശ്നവും സാമൂഹിക പ്രവർത്തനവും

മീഡിയാമേറ്റ്

**2005 ഫെബ്രുവരി 5, 6 ദിവസങ്ങളിൽ അങ്കമാലിയ്ക്കടുത്ത് വേങ്ങൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ആഡിറ്റോറിയത്തിൽവെച്ച് നടന്ന ശിൽപശാലയുടെ റിപോർട്.**

**"പ്ളാച്ചിമടസമരവുമായി** ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാമൂഹിക പ്രവർത്തകർ ആയിരം നാൾ പിന്നിട്ടിട്ടും, ഈ സമരം എന്തുകൊണ്ട് എങ്ങും എത്താതെ തുടർന്നുകൊണ്ടിരിക്കുന്നു എന്ന് ചോദിച്ചുകൊണ്ട് പ്ളാച്ചിമട സമരത്തെ പുനരവതരിപ്പിക്കേണ്ടതുണ്ട്" എന്ന കാഴ്ചപ്പാടിനെ ('കേരളീയം' ലക്കം 90, പേജ് 55) അവലംബിച്ചായിരുന്നു ഈ ശിൽപശാല സംഘടിപ്പിക്കപ്പെട്ടത്. ശിൽപശാലയുടെ ഉദ്ദേശ്യങ്ങൾ താഴെ പറയുംപ്രകാരം ക്ഷണക്കത്തിൽ വിവരിച്ചിരുന്നു. 1. പ്ളാച്ചിമട സമരം എന്തുകൊണ്ട് 'ആയിരം നാൾ' പിന്നിട്ടിട്ടും അത് ലക്ഷ്യമിട്ട പരിഹാരത്തിൽ നിന്ന് അകലെ നിൽക്കുന്നുവെന്ന് മനസ്സിലാക്കുക. 2. പ്ളാച്ചിമട സമരത്തിൽ താൽപര്യമൂന്നിക്കൊണ്ടുള്ള സാമൂഹിക പ്രവർത്തനത്തിൻെറ ഗതിവിഗതികളെ നിർണ്ണയിക്കുന്ന ബാഹ്യഘടകങ്ങൾ മനസ്സിലാക്കുക. 3. തങ്ങളുടെ പ്രവർത്തനശൈലിയെ തന്നെ നിർണ്ണയിക്കുന്ന, രൂപപ്പെടുത്തുന്ന, ആന്തരികഘടകങ്ങൾ പ്ളാച്ചിമട സമരത്തെ അനിശ്ചിതത്വത്തിലേക്ക് നയിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. "പ്രവർത്തനശൈലിയെന്നതു കൊണ്ടുദ്ദേശിക്കുന്നത് മുഖ്യമായും താഴെപറയുന്ന ഘടകങ്ങൾ അടങ്ങിയ ഒരു സംപ്രദായത്തെയാണ്. (1) പ്രശ്നത്തെ തിരിച്ചറിയൽ (2) പ്രശ്നത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് - അതിൻെറ ആപേക്ഷിക പ്രാധാന്യം, അടിയന്തരത്വം, സാമൂഹികമായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ധാരണയും മൂല്യവിചിന്തനവും മറ്റും അടങ്ങുന്നത്. (3) സമരത്തിൻെറ ലക്ഷ്യത്തെക്കുറിച്ചുള്ള വ്യക്തമായ ബോധം. (4) സമരത്തിനായി കൈക്കൊള്ളുന്ന നടപടികളോരോന്നിൻെറയും ഫലപ്രാപ്തിയേയും അവ ക്രമാനുഗതം സമരലക്ഷ്യത്തിലേയ്ക്കെത്താൻ എങ്ങനെയുതകുമെന്നതിനെക്കുറിച്ചുള്ള കൃത്യമായ ധാരണ. (5) ലക്ഷ്യത്തെക്കുറിച്ചുള്ള വ്യക്തതയ്ക്ക് പുറമെ അതേക്കുറിച്ചുള്ള ലളിതമായ സങ്കല്പം - ലക്ഷ്യം നേടുമ്പോൾ അത് നേടിയെന്നും അത് പര്യാപ്തമാണെന്നും തീരുമാനിക്കാനുതകുന്ന തരത്തിൽ ഏകാന്മുഖമാവുകയെന്നതാണ് ലാളിത്യം. (6) സമരത്തിൻെറ സ്ഥിരതന്ത്രങ്ങളും ചരതന്ത്രങ്ങളും വേർതിരിക്കുകയും അവയുടെ ജയപരാജയങ്ങളെ തിരിച്ചറിയുകയും ചെയ്യുന്ന രീതി. (7) പ്രശ്നം അന്തർഭവിച്ച സ്ഥിതി വിശേഷത്തെ സംബന്ധിച്ച വിവരം ശേഖരിക്കാനും അവ ക്രമീകരിക്കാനും വിശകലനം ചെയ്യാനും അവലംബിക്കുന്ന രീതി. (8) മറ്റ് സാമൂഹിക പ്രവർത്തകരോടും സഹപ്രവർത്തകരോടും ബന്ധപ്പെടുന്ന രീതി. (9) സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഇടപഴകാൻ ഇടയുള്ള മറ്റു സ്ഥാപനങ്ങളോടും മനുഷ്യരോടും ബന്ധപ്പെടുന്ന രീതി. ഇവയെല്ലാം തന്നെ സാമൂഹിക പ്രവർത്തനത്തിൻെറ ഫലപ്രാപ്തിയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്". പ്രഭാഷണങ്ങളും, ചർച്ചകളും ആയിരുന്നു ശിൽപശാലയുടെ പ്രവർത്തനരീതി. 9 പേർ ശിൽപശാലയിൽ മുഴുവൻ സമയവും മറ്റ് 12 പേർ ഭാഗികമായും പങ്കെടുത്തു. സുരേഷ് ജോർജ്ജ്, റോബിൻ, എൻ.പി. ജോൺസൺ, തുടങ്ങിയവർ സമരാനുഭവങ്ങൾ വിവരിച്ചു. നിസാർ അഹമ്മദ് സാമൂഹിക പ്രവർത്തനതത്വങ്ങളെ കുറിച്ച് സംസാരിച്ചു. നാദിർഷാ, ദിലീപ്‌രാജ്, സിജു,, സന്തോഷ്, രമേഷ്, രേഷ്മ ഭരദ്വാജ്, ഷാജി, ബ്രഹ്മപുത്രൻ, സജി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.




വര-വി.എസ്.ഗിരീശൻ

## ശിൽപശാലയിലെ പ്രഭാഷണങ്ങളിൽനിന്നുള്ള ഭാഗങ്ങൾ:

ഇവിടെ ബാഹ്യഘടകങ്ങൾ, ആന്തരികഘടകങ്ങൾ എന്നുള്ളത് വിശകലനത്തിന് വേണ്ടിയുള്ള വേർതിരിവാണ്. യഥാർത്ഥത്തിൽ രണ്ടും ഒരുമിച്ചാണ് പ്രവർത്തനക്ഷമമാകുന്നത്. പ്ളാച്ചിമട പ്രശ്നത്തിൽ ബാഹ്യഘടകങ്ങൾ എന്നത് കൊക്കകോള കമ്പനി,ഗവൺമെൻറുകൾ, വിദഗ്ദ്ധസ്ഥാപനങ്ങൾ, കോടതി, സമരത്തിന് എതിർനിൽക്കുന്ന മുഖ്യരാഷ്ട്രീയ പാർട്ടികൾ ഒക്കെ ഉൾപ്പെട്ടതാണ്. ഒരിക്കൽ ഒരു പ്രോജക്ടിൽ പൊതു ലക്ഷ്യത്തെ കേന്ദ്രമാക്കി ആളുകൾ ഒരുമിക്കുമ്പോൾ അവിടത്തെ പ്രവർത്തനശൈലിയാണ് ആന്തരികഘടന എന്നു പറയുന്നത്. പിന്നെ ഇതിനെ നിർണ്ണയിക്കുന്നത് നമ്മൾ ആരാണോ നമ്മൾ എങ്ങിനെയാണോ എന്നൊക്കെ അനുസരിച്ചിരിക്കും അത് എങ്ങിനെ പ്രവർത്തിക്കുന്നുവെന്നുള്ളത്. ഉദാഹരണത്തിന് നമുക്ക് വേണ്ടത്ര ഗ്രഹണശേഷിഇല്ലെങ്കിൽ, ബോധവാന്മാരല്ലെങ്കിൽ, (അല്ലെങ്കിൽ വിവരം സമാഹരിക്കാ

നുള്ള ശേഷിയില്ലെങ്കിൽ) അപഗ്രഥനത്തിനുള്ള പാടവമില്ലെങ്കിൽ, അപഗ്രഥനത്തിൽ ശ്രദ്ധയില്ലെങ്കിൽ നമ്മുടെ പൊതുലക്ഷ്യം ചിലപ്പോൾ അട്ടിമറിക്കപ്പെടും. ബാഹ്യഘടകം ആന്തരികഘടകം എന്നുള്ള ദ്വന്ദം (dichotomy) നിലനിൽക്കുന്നില്ല. അത്യന്തികമായി ആന്തരികഘടകം എന്നുള്ളത് ബാഹ്യഘടകം തന്നെയാണ്. പുറത്തുള്ള സാധനം തന്നെയാണ് അകത്തുള്ളതായി വരുന്നത്. ഈ അകത്തുള്ളത് തന്നെയാണ് നാം പുറത്താക്കുന്നതും. നിഴൽക്കളം (shadow field) ഉണ്ടാകുന്നത് ഇങ്ങിനെയാണ്. പുറത്തുള്ളഘടകം ആന്തരികഘടകമായി അത് പിന്നെ പുറത്താകുന്നതാണ് ഈ നിഴൽക്കളം ആകുന്നത്. എൻെറ വ്യക്തി താല്പര്യമാണ് (Self interest) പൊതുരംഗത്തും നിഴൽക്കളം ഉണ്ടാക്കുന്നത്. കാരണം പുറത്തുള്ളത് വ്യക്തിതാല്പര്യത്തിൻെറ ലോജിക്കാണ്. പ്രവർത്തനശൈലിയെപ്പറ്റി ഇവിടെപറഞ്ഞതു ഒരു മോഡലൊന്നുമല്ല. വേണമെങ്കിൽ അത് ഒരു ദിശാസൂചികയായി എടുത്തിട്ട് പ്ളാച്ചിമട സമരത്തിൽ കടന്നുപോയിട്ടുള്ള പ്രക്രിയകളെ വിശകലനംചെയ്തു നോക്കാവുന്നതാണ്. ഇവിടെ പ്രവർത്തനശൈലിയെകുറിച്ച് പറഞ്ഞപ്പോൾ അക്കമിട്ടു പറഞ്ഞവ വെറുതെ ക്രമപ്പെടുത്തുവാൻ വേണ്ടി മാത്രമുള്ളതാണ്. പെട്ടെന്ന് മനസ്സിൽ വന്നവ മാത്രമാണവ. ഇനിയും ഒരുപാട് ഘടകങ്ങൾ ഇതിൽ വരാം. ഒരു കൂട്ടായ പ്രവർത്തനം നടത്തുമ്പോൾ എന്തൊക്കെ ആളുകൾക്കുവരാം, എന്തൊക്കെ അതിൽ ഇടപഴകാം എന്ന് സൂചിപ്പിച്ചെന്നേയുള്ളു.

ഉദാഹരണത്തിന്, പ്ളാച്ചിമട സമരത്തിന് ഒരു പൊതുലക്ഷ്യം (collective end) ഉണ്ട്. പ്ളാച്ചിമട പ്രശ്നത്തിൻെറ പരിഹാരമാണ് ലക്ഷ്യം. സമരം നടക്കുന്നു. പിന്നെ കുറേ കാര്യങ്ങൾ നടക്കുന്നു, ആളുകളെ കൊണ്ടുവരുന്നു. സമ്മേളനങ്ങൾ നടത്തുന്നു. ഇതൊക്കെ നാം ഇടപഴകുന്ന പലതരം പ്രവർത്തനങ്ങളാണ്. സെമിനാറിൽ നാം ചെയ്യുന്നത് നേരിട്ടുള്ള പ്രശ്നപരിഹാരത്തിനുള്ള പ്രവർത്തിയല്ല. ഒരാൾ പ്രസംഗിച്ചു കഴിഞ്ഞാൽ ഉടനെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. പക്ഷേ ലക്ഷ്യങ്ങൾ കേന്ദ്രമാക്കി നമ്മൾ നീങ്ങുന്ന നടപടികളിൽ ഒന്നാണത്. ആ നടപടി ലക്ഷ്യപ്രാപ്തിക്ക് നമ്മളെ എങ്ങനെ സഹായിക്കുന്നു എന്ന് നമ്മൾ അറിയുന്നുവെന്നതാണ് ലക്ഷ്യത്തെപ്പറ്റിയുള്ള നമ്മുടെ ധാരണയുടെ തെളിമ. എന്താണ് നമ്മുടെ ലക്ഷ്യമെന്നുള്ളത് നമ്മൾ തിരിച്ചറിയുന്നതിലൂടെ മാത്രമേ എന്ത് തരത്തിലുള്ള നടപടി ക്രമങ്ങളാണ് നമ്മുടെ ലക്ഷ്യപ്രാപ്തിക്കായിട്ട് നമുക്ക് സ്വീകരിക്കാൻ പറ്റുക എന്ന് തീരുമാനിക്കാനാകൂ. ലക്ഷ്യത്തെ ഏകോന്മുഖമാക്കുക എന്നതു പ്രധാനമാകുന്നത് ഇതുകൊണ്ടാണ്. സാമ്രാജ്യത്വവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കാൻ ലക്ഷ്യമാക്കുക, കമ്പനിയെ താറടിക്കുക എന്നത് ലക്ഷ്യമാക്കുക അങ്ങനെ അനേക ലക്ഷ്യങ്ങൾ ഇതിൻെറ കൂടെ വരാൻ പാടില്ല. ഉണ്ടെങ്കിൽ തന്നെ ഇവയോരോന്നും തന്നെ ഇതിന് എങ്ങിനെ സഹായകരമാക്കും എന്ന് നമുക്ക് അറിയാൻ പറ്റണം. ഞാൻ ആഗോളവത്ക്കരണത്തിന് എതിരായി സമരം ചെയ്യുന്ന ആളാണെങ്കിൽ എനിക്ക് കോക്കകോള മാത്രമല്ല പ്രശ്നം. ഞാൻ കോക്കകോള സമരത്തിന് വരുന്നത് എന്തിനെന്ന് വച്ചാൽ എനിക്ക് താൽക്കാലികമായ പ്രചരണാവസരം ആണത്. അതുകൊണ്ട് കൊക്കകോള പ്രശ്നത്തിൻെറ അടിയന്തരത്വം എനിക്ക് പ്രശ്നമല്ല. ചിലപ്പോൾ എനിക്ക് അടിയന്തരത്വം അല്ല വേണ്ടത്. നീട്ടികൊണ്ടുപോകയായിരിക്കും എനിക്ക് താൽപര്യം. കാരണം നീട്ടികൊണ്ടു പോകും തോറും ആഗോള




വര-വി.എസ്.ഗിരീശൻ

വത്കരണത്തിന് എതിരായ ആശയങ്ങൾ എനിക്ക് കൂടുതൽ കൂടുതൽ പ്രചരിപ്പിക്കാനാകും. അപ്പോൾ എൻെറ ലക്ഷ്യവും മറ്റുള്ളവരുടെ ലക്ഷ്യവും പൊരുത്തപ്പെടാതെവരും. പൊരുത്തപ്പെടുകയെന്നു (converge) പറഞ്ഞാൽ ഒരേലക്ഷ്യമാണുള്ളത് എന്നാണ്. ഉദാഹരണത്തിന്, ആഗോളവത്കരണത്തിന് എതിരായ ലക്ഷ്യത്തിൽ കോക്കകോളയെ പുറത്താക്കുക എന്നലക്ഷ്യവും തൃപ്തിപ്പെടുത്തുന്നു.

●●

പ്രശ്നങ്ങൾ അനുഭവിക്കുന്ന വിഭാഗം തന്നെ സമരം ചെയ്തു പരിഹാരം നേടിയെടുക്കേണ്ട ഒരു കാര്യമാണ് സാമൂഹികയാതനകൾ എന്ന് പറയുന്നത് തീരെ അയാഥാർത്ഥമായ ഒന്നാണ്. അങ്ങിനെ ഒരിക്കലും ഉണ്ടാവില്ല. ചരിത്രത്തിലുമില്ല. ഇപ്പോഴുമില്ല. കേരളത്തിൽ പൊതുസമൂഹം (സിവിൽ സൊസൈറ്റി) ഇല്ല എന്ന് പറയുമ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന ആളുകൾ ഒക്കെത്തന്നെയാണ് പൊതുസമൂഹം. വലിയ ഒരു പ്രശ്നമായി ഗവൺമെൻറിനെ തോന്നിക്കുന്ന വിധത്തിൽ വ്യാപകമായ പിൻതുണ പലപ്രശ്നങ്ങൾക്കും കിട്ടിയിട്ടുണ്ട്. ഇന്നത്തെ ലോകത്ത് ഒരു ഗ്രൂപ്പിന് ഒറ്റയ്ക്ക് സമരം ചെയ്ത് നേടിയെടുക്കാൻ പറ്റുന്നതല്ല പല പ്രശ്നങ്ങളും. അനുഭവിക്കുന്നവർക്ക് വിട്ടുകൊടുക്കുന്ന ഒരു പ്രവണത പല രാഷ്ട്രീയത്തിലും ഇന്ന് കാണുന്നുണ്ട്. അനുഭവസ്ഥരുടേയും അല്ലാത്തവരുടെയും വ്യത്യസ്തതകളെ രീതിശാസ്ത്രം എന്ന നിലയിൽ ഊന്നുമ്പോഴും 'അവരവർക്ക് വേണ്ടി സംസാരിക്കുക' എന്ന നിലപാട് എടുക്കുമ്പോൾ പ്രശ്നമുണ്ട്. ഈ വാദം അൽപം നീട്ടിയാൽ അസാമൂ

ഹികമായ (asocial) ഒരു വിഭാഗീയതന്മയിലാണ് (group identity) നാം എത്തിച്ചേരുക. ഒരു അതാര്യം (opaque) ആയിട്ടുള്ളത്. ഇത് നടക്കുന്നില്ല എന്നല്ല പറയുന്നത്. ഒരു പക്ഷേ ഭാവിസമൂഹം ഇങ്ങിനെയാകാം. പക്ഷേ അതുണ്ടാക്കുന്ന പ്രശ്നം എന്തെന്ന്വച്ചാൽ അത് കൂട്ടായ്മയെ (communication) ഇല്ലാതാക്കും. നിങ്ങൾക്ക് മറ്റൊരാളെ അറിയാൻ പറ്റില്ല എന്ന് വരും. കാരണം നിങ്ങൾ വേറൊരു മാതൃകയിലാണ് (model) പോകുന്നത്. ഇത്തരം സാധ്യതകൾ അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ പരസ്പര വിനിമയമില്ല. വിമോചനാത്മകരാഷ്ട്രീയത്തെ അംഗീകരിക്കുന്നവർക്ക് ഇത് വലിയ തടസ്സമായിരിക്കും. ആഗോളശക്തികൾക്ക് ഇതിനെ വേഗം കൈയിലെടുക്കാം. കാരണം സമാനതകളില്ലല്ലോ. സുതാര്യത ഇല്ല. ആഗോളവത്കരണശക്തികൾ ആഗ്രഹിക്കുന്നതും ഇതുതന്നെ. ആരും പരസ്പരം ഇടപെടാതിരിക്കുക. മറ്റുളവർ ഇടപെടുന്നതിലൂടെ ആകാംക്ഷയുടെ ഒരു വ്യാപനം ഉണ്ടാകുന്നുണ്ട് (Transference of concern) സാമൂഹികനീതക്ക് വേണ്ടിയുള്ള സമരത്തിന് ഒരുപാട് മാർഗ്ഗങ്ങൾ ഇതിലൂടെ തെളിഞ്ഞുകിട്ടും. ചിലപ്പോൾ സഫലീകരിക്കാനായില്ല എന്നുവരാമെങ്കിലും. ആഗോളവത്കരണത്തിൻെറ ഭാഗമായി പ്ളാച്ചിമടപോലുള്ള ഒരുപാട് പ്രശ്നങ്ങൾ ഇനിവരാം. അപ്പോഴൊക്കെ ഒറ്റപ്പെട്ട പരിഭവങ്ങളും, നിലപാട് എടുക്കലും നടക്കില്ല. പ്രതിരോധത്തിനായി എല്ലാവരും ഒരുമിക്കേണ്ടിവരും, ആഗോളമായി തന്നെ.

●●

പ്ളാച്ചിമട സമരത്തെ പോസ്റ്റ് മോഡേൺ സമരമെന്ന് വേണമെങ്കിൽ വിളിക്കാം. പോസ്റ്റ് മോഡേൺ സമരവും, ആധുനിക (modern) സമരവും തമ്മിലുള്ള വ്യത്യാസമെന്തെന്ന് വച്ചാൽ ആധുനിക സമരത്തിനു കൃത്യമായ ഒരു ലക്ഷ്യവും അതുപ്രാപിക്കാനുള്ള ഒരു ഉപകരണാത്മക സമീപനവും ഉണ്ടാകും. പോസ്റ്റ് മോഡേൺ സമരത്തിൽ ലക്ഷ്യം അത്യാവശ്യമല്ല. അതിൽ സമരം ചെയ്യുക എന്നതാണ് പ്രധാനം. അതിലൂടെ ആഘോഷിക്കുക. ലക്ഷ്യത്തിലെത്തുക എന്നത് പ്രധാനമല്ല. കള്ളന്മാരെയും, നല്ലവരേയും, ശത്രുകളെയും ഉൾകൊണ്ടുകൊണ്ടുള്ളതാണ് പോസ്റ്റ് മോഡേൺ പ്രസ്ഥാനങ്ങൾ. പ്ളാച്ചിമട സമരത്തിലെ ഒരു കാഴ്ച അതിൽ ലക്ഷ്യം പലർക്കും അത്ര പ്രധാനമല്ല. ലക്ഷ്യത്തേക്കാൾ പ്രധാനം അതിൻെറയകത്ത് ആളുകൾക്കുള്ള അനുഭവമാണ്. ലക്ഷ്യം എന്നുള്ളതിന് ഒരു ആധുനികമനസ്ഥിതി വേണം. അപ്പോൾ സാംസ്കാരികനായകന്മാരെ 'കൊണ്ടുവരുന്നതിലൂടെ സമരത്തിൻെറ ലക്ഷ്യപ്രാപ്തിക്കായി ഏത് രീതിയിലുള്ള ഉദ്ദേശ്യമാണ് നിർവഹിക്കുന്നത് എന്ന് വ്യക്തത ഉണ്ടാവണം. അത് ഉണ്ടാകണമെന്ന നിർബന്ധം സമരത്തിൻെറ ഒരു പ്രത്യേക ലക്ഷ്യത്തെയാണ് കാണിക്കുന്നത്. ലക്ഷ്യപ്രാപ്തിയെപ്പറ്റി അടിയന്തരത്വം അനുഭവപ്പെടുന്നവർക്ക് ഇതുണ്ടാകും. ആഘോഷ സമരം ഉണ്ടാകാം. പക്ഷേ സമരത്തിന് ഒരു ലക്ഷ്യമുണ്ടെങ്കിൽ ഏത് രീതിയിലാണ് ഈ ആഘോഷങ്ങൾ ലക്ഷ്യപ്രാപ്തിയെ നിറവേറ്റുന്നത് എന്ന് കൃത്യമായിട്ട് അറിവുണ്ടാകും. അതാണ് കാര്യക്ഷമതയുള്ള പ്രവർത്തനം.

●●

ഒരു കാര്യം നാം ഒരുമിച്ച് ചെയ്യുന്ന സമയത്ത് എല്ലാവർക്കും ഒരേ ലക്ഷ്യമായിരിക്കും. പക്ഷേ പലർചേർന്ന് പലകാര്യങ്ങൾ സമകാലികമായി (synchronise) ചെയ്ത് ലക്ഷ്യത്തിലെത്താൻ ശ്രമിക്കുമ്പോൾ ലക്ഷ്യം ഒന്നാവുകയും ഉദ്ദേശ്യങ്ങൾ (intentions) പലതാവുകയും ചെയ്യുന്നുവെങ്കിൽ ബുദ്ധിമുട്ടാവും. അതുകൊണ്ട് ഒരേ ലക്ഷ്യത്തിലെത്തി ചേരാനുള്ള ഒരാളുടെ ഉദ്ദേശ്യമെന്താണെന്ന് ചോദിക്കാവുന്നതാണ്. പ്ളാച്ചിമട സമരത്തിൽ പങ്കെടുക്കുന്നതിന് ഒരാളുടെ ഉദ്ദേശ്യം പ്ളാച്ചിമടയിലെ കുടിവെള്ളമലിനീകരണത്തിന് പരിഹാരം കണ്ടെത്തുന്നതും മറ്റൊരാൾക്ക് അവാർഡ് നേടലുമാണ് ഉദ്ദേശ്യമെങ്കിൽ ഇത് സമരത്തിൻെറ നടപടിക്രമങ്ങൾ എന്തായിരിക്കണമെന്നതിനെകുറിച്ച് ആശയക്കുഴപ്പമുണ്ടാക്കും.

●●

ഈ ഘട്ടത്തിൽ കേരളത്തിൻെറ ഒരു ആത്മാന്വേഷണം സാമൂഹിക പ്രവർത്തകന്മാർ തുടങ്ങിവെയ്ക്കുന്നത് നല്ലതാണ്. കാരണം അവരാണ് ഏറ്റവും മുന്നണിയിലുള്ളത്. മറ്റ് സ്റ്റേറ്റുകളെയപേക്ഷിച്ച് കേരളത്തിൽ കൂടുതൽ വികസന പ്രവർത്തനങ്ങളുണ്ടാകാൻ ഒരു കാരണം വ്യക്തി താല്പര്യത്തിൻെറ (self interest) കാര്യത്തിലുള്ള വ്യക്തതയാണ്. തങ്ങൾക്ക് എന്ത് വേണം എന്ത് വേണ്ട എന്ന് അവർക്ക് നന്നായി അറിയാം. പക്ഷെ അതുതന്നെ ഏറ്റവും വലിയ രോഗമായി കാണാവുന്നതാണ്. സാമൂഹിക പ്രവർത്തകന്മാർ ഇതിൽ നിന്ന് മുക്തരായ യോഗികൾ ഒന്നുമല്ല. അപ്പോൾ അവർ ആദ്യം ചെയ്യേണ്ടത് സമൂഹത്തിൻെറ ഒരു ആത്മാന്വേഷണം നടത്തുകയാണ് വേണ്ടത്. ഈ വ്യക്തിതാല്പര്യം (self interst) എങ്ങനെ മറികടക്കാമെന്നതിന്.

●●

എന്താണ് സാമൂഹിക പ്രവർത്തനം?. പ്ലാച്ചിമടപ്രശ്നവുമായി മാത്രം ബന്ധപ്പെട്ട സാമൂഹിക പ്രവർത്തനത്തെ മാത്രം എടുക്കുകയാണെങ്കിലും ഈ ചോദ്യം പ്രസക്തമാണ്. പ്ലാച്ചിമടയിലെ മലിനീകരണവുമായി ബന്ധപ്പെട്ട അനുഭവസ്ഥർക്കിടയിലേക്കാണ് പ്രവർത്തനത്തിനായി ആളുകൾ തനിച്ചോ, സംഘടനാ പ്രതിനിധികളായോ സംഘങ്ങളായോ പോകുന്നത്. അവിടെ അനുഭവസ്ഥർ ചെയ്യുന്ന സമരവും മറ്റു പ്രവർത്തനങ്ങളും ഉണ്ട്. അതല്ല ഇവിടെ പറയുന്നത്. സാമൂഹിക പ്രവർത്തനത്തിനായി അവിടെ ചെല്ലുന്നവർ നാമമാത്രമായുള്ള പിൻതുണ നൽകുകയാണോ ചെയ്യുന്നത് ?. അതല്ല സജീവമായി തുടർച്ചയായി അവിടെ എന്തെങ്കിലും പ്രവർത്തനത്തിലേർപ്പെടുന്നുണ്ടോ ?. അതോ അവർ അനുഭവസ്ഥരോടൊപ്പം സമരത്തിൽ പങ്കെടുത്ത് സമരം ചെയ്യുകയാണോ?. മറ്റെന്തെങ്കിലും രീതിയിൽ അവർ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ?. പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുകയാണെങ്കിൽ എന്താണ് ആ പ്രവർത്തനത്തിൻെറ സ്വഭാവം. അനുഭവസ്ഥർക്കാവശ്യമായ പരിചരണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുക യാണോ ?. തൽക്കാലം വന്നുപോവുകയാണോ?. സ്ഥിരമായി അവിടെ കഴിഞ്ഞുപോവുകയാണോ?.

സമരം എന്തുകൊണ്ടാണ് നീണ്ടുപോകുന്നത്?. നിയമത്തിൻെറ കുരുക്കുകളിൽ പെട്ട് ഗവൺമെൻറിന് തീരുമാനമെടുക്കാൻ കഴിയാത്തതാണോ?. കേരളീയ സമൂഹ ത്തിൻെറ സ്വഭാവങ്ങൾ ഇതിൽ പ്രതിഫലിക്കുന്നുണ്ടോ?......

●●

അമേരിക്കയിലേയും യൂറോപ്പിലെയും സോഷ്യൽ വർക്കിനെപ്പറ്റി ഫൂക്കോ എന്ന ചിന്തകൻ പറയുന്ന ഒരഭിപ്രായമുണ്ട്: വ്യവസ്ഥിതിയുടെ സമ്മർദ്ദത്തിൽ നിന്ന് രക്ഷിക്കാൻ സാന്ത്വനത്തിൻെറ ഒരു തലം ഉണ്ടാക്കി ഉപയോക്താവിനെ

ചികിത്സാപരമായി കാണുന്നവയാണ് അവ എന്ന്. നവ സാമൂഹ്യപ്രസ്ഥാനങ്ങൾ ഇതിൽ നിന്ന് വളരെ വ്യത്യസ്തമാണ്. ഫൂക്കോ ശരിയാണെങ്കിൽ വ്യക്തിതാല്പര്യങ്ങൾ അവഗണിക്കപ്പെട്ട സമൂഹങ്ങളിൽ സമ്മർദ്ദത്തിന് ഒരു ആശ്വാസം ആവശ്യമായതുകൊണ്ടാണ് വൃദ്ധൻമാരെ ശുശ്രൂഷിക്കുക, കുട്ടികളെ സംരക്ഷിക്കുക, കൗൺസിലിങ്ങ് ഒക്കെ സോഷ്യൽ വർക്കിൻെറ ഭാഗമായത്. ഇംഗ്ലണ്ടിൽ ഇപ്പോൾ ഏറ്റവും അധികം വിദ്യാർത്ഥികൾ പ്രവേശിപ്പിക്കപ്പെടുന്നത് സോഷ്യൽ വർക്കിലാണ്. കേരളത്തിലും അങ്ങനെയായി വരുന്നുണ്ട്. വ്യവസ്ഥിതിക്കും വേണ്ടത് അതായിരിക്കും: അതിൻെറ പ്രശ്നങ്ങൾ പലതും മറച്ചുവെയ്ക്കുക. സാമൂഹിക പ്രസ്ഥാനങ്ങൾ പലതും വിമർശനാത്മകമായ സാമൂഹികപ്രവർത്തനമാണ് ചെയ്യുന്നത്. സാമൂഹികമാറ്റത്തെ കുറിച്ചുള്ള സംകല്പങ്ങളിൽ നിന്നാണ് അതിൻെറ പല പരിഹാര നിർദ്ദേശങ്ങളും വരുന്നത്. സോഷ്യൽ വർക്കിന് സാമൂഹികമാറ്റത്തെകുറിച്ച് സംകല്പങ്ങളില്ല. സോഷ്യൽ വർക്ക് ചെയ്യുന്നത് മുറിവുണക്കലാണ്. ഇപ്പോൾ സാമൂഹികപ്രസ്ഥാനങ്ങളുടെ തത്വചിന്ത സോഷ്യൽവർക്കിലേക്കും കടന്നുവരുന്നുണ്ട്. സോഷ്യൽ വർക്കിൻെറ ചില ചിന്തകൾ സാമൂഹികപ്രസ്ഥാനങ്ങളിലേക്കും വ്യാപിക്കുന്നുണ്ട്. വിമർശനാത്മകം ആകുകയെന്നു പറഞ്ഞാൽ ഒരു വ്യവസ്ഥയുടെ ക്രമത്തിനെ മാറ്റത്തിൻെറ കാഴ്ച്ചപ്പാടിൽ കൂടി നോക്കുക എന്നാണ്. മാറ്റം വളരെ പ്രധാനമാണ് എന്ന് കരുതുന്നതുകൊണ്ടാണ് വിമർശനപരമാകുന്നത്. മാറ്റം പ്രധാനമാകുമ്പോൾ വ്യവസ്ഥിതിയോടുള്ള സമരം പ്രധാനമാകും. വിമർശനാത്മക സോഷ്യൽ വർക്ക് ഇതുപോലെതന്നെ വരാം. വ്യവസ്ഥിതിയെ അതേപടി സ്വീകരിക്കണമെന്നില്ല അപ്പോൾ വിമർശനാത്മക സോഷ്യൽ വർക്ക് ചിലപ്പോൾ അവ സാമൂഹിക പ്രസ്ഥാനങ്ങളുടെ സ്വഭാവം ഒക്കെ കാണിക്കും. അതേസമയം സാന്ത്വനത്തിൻെറ സ്വഭാവങ്ങൾ ചിലപ്പോൾ ഇതിൽ കൊണ്ടുവരാം. സോഷ്യൽവർക്ക് സ്ഥാപനപരം ആണ്, വ്യവസ്ഥിതിയുടെ ഒരു ഭാഗമാണത്. അതിൻെറ അകത്തുണ്ടായ പ്രശ്നങ്ങളെ അതിൻെറ അകത്തുനിന്ന് തന്നെ പരിഹരിക്കാനുള്ള സംവിധാനമാണത്. സാമൂഹികപ്രസ്ഥാനങ്ങളും സാമൂഹിക പ്രവർത്തകരും ഈ സമീപനത്തോട് രാജിയാകാത്ത വിഭാഗമാണ്. സാമൂഹിക നീതി, സാമൂഹിക മാറ്റം തുടങ്ങിയ ചോദ്യങ്ങൾ അതിൽ അവർക്ക് വളരെ പ്രധാനമാണ്. ഫൂക്കോ ഇത് പറയുന്നത് നവോത്ഥാനത്തോടുള്ള അദ്ദേഹത്തിൻെറ മനോഭാവത്തിൽ നിന്നാണ്. നവോത്ഥാനത്തെ മുഴുവനായി തള്ളിക്കളയുകയോ മുഴുവനായി ആദർശവൽക്കരിക്കുകയോ ചെയ്യുന്നതിന് പകരം വിമോചനാത്മകമായ പ്രക്രിയയിൽ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരം തുടർന്ന് കൊണ്ടിരിക്കുക എന്നാണ് ഫൂക്കോയുടെ പക്ഷം. സ്വാതന്ത്ര്യം ആധുനികതയുടെ ഒരു ഈ സംകല്പമാണ്. അപ്പോൾ സാമൂഹിക പ്രസ്ഥാനങ്ങളിൽ പെടുന്നവരും ആധുനികതയുടെ ഈ ഒരു മൂലകം എപ്പോഴും സൂക്ഷിക്കുന്നവരാണ്.

●●

കോക്കകോള പ്രശ്നത്തിൽ പൊതുസ്ഥാപനങ്ങളും, രാഷ്ട്രീയപാർട്ടികളും, എങ്ങനെയാണ് കമ്പനിക്ക് വിധേയരായി പോകുന്നത് എന്നത് വരാൻപോകുന്നതിൻെറ മുന്നോടിയായിരിക്കും. പൊതുസ്ഥാപനങ്ങളെല്ലാം കള്ളമാണ്. അതൊന്നും സ്വീകരിക്കേണ്ടതില്ല എന്ന് പറയുന്നത് ഫാസിസ്റ്റ് മനോഭാവമാണ്. അതിന് പകരം നമ്മുടെ ജീവിതത്തിൽ ദിശാബോധമുണ്ടാക്കുകയും ദിശകളെ നിർണ്ണയിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളുടെ നേരെ ജാഗ്രത ആവശ്യമാണ്. ജാഗ്രതയെന്നാൽ തെളിവുകളുടെ അടിസ്ഥാനത്തിൽ അവരുടെ പ്രവൃത്തികളെ നോക്കികാണുകയും അപാകതകൾ വെളിപ്പെടുത്തുകയും ചെയ്യുകയാവാം. ഇത് പ്രതിരോധപ്രവർത്തനങ്ങളുടെ ഒരുമാനം ആണ് എന്ന് മാത്രം. ഇതൊക്കെ പ്ളാച്ചിമടയിൽ മാത്രമല്ല ഇനിയും നേരിടാനുള്ള സാദ്ധ്യതകൾ ഉള്ളതുകൊണ്ടും നിർണ്ണായകമായതുകൊണ്ടും ഇതിന് എതിരെ ഉണർന്നുപ്രവർത്തിക്കുകയാണ് വേണ്ടത്. ഇത്തരം പ്രവർത്തനങ്ങൾ മാത്രം മതിയെന്നല്ല പറയുന്നത്. ഇത്തരം പ്രവർത്തനങ്ങൾ ഇല്ലാതെ നമുക്ക് അതിജീവിക്കാനാവില്ല എന്ന സ്ഥിതി വരികയാണ്. വ്യവസ്ഥയുടെ ധമനികളിലുംകൂടി ചലനമുണ്ടാക്കാതെ വ്യവസ്ഥിതിയിൽ ചലനങ്ങളുണ്ടാക്കാനാകില്ല എന്നാണ് പറയുന്നത്.

●●

ആഗോളവത്കരണം, ആഗോളവത്കരണം എന്ന് പറഞ്ഞ് സമരം ചെയ്തിട്ട് കാര്യമില്ല. അതൊരു യാഥാർത്ഥ്യമായി കഴിഞ്ഞു. നമുക്കതിനെ തടയാനാവില്ല. ആഗോളവത്കരണം എന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഇത് നടക്കുന്ന സമയത്ത് ആളുകളുടെ അവകാശങ്ങളും അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നതും നിഷേധിക്കപ്പെടുന്നതിന് എതിരായിട്ടുള്ള സമരമാണ് ഇന്ന് വേണ്ടത്. അതുകൊണ്ട് ആഗോളവത്കരണം എങ്ങനെയാണ് ഉണ്ടാകുന്നത് എന്നത് വിട്ട് എങ്ങനെയാണ് നമ്മളെ ബാധിക്കുന്നത് എന്ന്നോക്കി പ്രതിരോധിക്കുകയാവും വേണ്ടത്.

ശിൽപശാലയുടെ സംഘാടനം 'കേരളീയം' സാംസ്കാരിക പത്രം, തൃശ്ശൂർ – 21; 'ഹരിതമൈത്രി' ആദം ബസാർ, അങ്കമാലി; 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആൻറ് ഇക്കളോജിക്കൽ സ്റ്റഡീഡ്' പൂവാട്ടുപറമ്പ, കോഴിക്കോട് – 8; പ്ളാച്ചിമട പഠനസംഘം, കന്നിമാരി, പാലക്കാട്; പ്രയോഗ ട്രസ്റ്റ്, പൂവാട്ടുപറമ്പ, കോഴിക്കോട് – 8 എന്നീ സംഘടനകൾ ചേർന്നായിരുന്നു.

പൊതുചിലവുകൾ ആകെ 3400 രൂപയായി. (ക്ഷണക്കത്ത് അച്ചടി 480 രൂപ, തപാൽകൂലി 500 രൂപ, ഹാൾവാടക 500 രൂപ, ശബ്ദലേഖനം 1600 രൂപ, ചായ/ഭക്ഷണം 320 രൂപ). ഇത് സുഹൃത്തുക്കളിൽനിന്ന് സംഭാവനയായി സമാഹരിച്ചു.

ശിൽപശാല ശബ്ദലേഖനം ചെയ്തത് പകർത്തെഴുത്ത് നടക്കുന്നു. പൂർണ്ണ റിപോർട്ടിൻെറ കോപ്പി ആവശ്യമുള്ളവർ കേരളീയം വിലാസത്തിൽ 200 രൂപ മണി ഓർഡർ അയച്ചാൽ തപാലിൽ അയച്ചുതരും..

---

ജനങ്ങളുടെ പരാതികൾ നിഷ്പക്ഷമായി പരിഹരിക്കാൻ ബാദ്ധ്യസ്ഥരായ ഗവൺമെന്റുകളെയും വിദഗ്ദ്ധ സ്ഥാപനങ്ങളെയും കയ്യിലെടുത്തുകൊണ്ട് പ്ളാച്ചിമടയിൽ ഭൂഗർഭജലമൂറ്റുകയും പരിസരമലിനീകരണമുണ്ടാക്കുകയും ചെയ്യുന്ന കൊക്കകോള കമ്പനിയുടെ കോർപറേറ്റ് ആധിപത്യം ശക്തിപ്രാപിക്കുന്നു എന്നതാണ് പ്ളാച്ചിമട പ്രശ്നം.

ജീവനോപാധികൾ കവർച്ച ചെയ്യുന്ന കോർപറേറ്റ് ആധിപത്യത്തിന് എതിരായുള്ള ജനകീയ പ്രതിരോധമാണ് പ്ളാച്ചിമട സമരം.

പ്ളാച്ചിമടവാസികൾക്ക് ഇതുവരെയേൽപ്പിച്ച യാതനകൾക്ക് നഷ്ടപരിഹാരം നൽകി കൊക്കകോള കമ്പനി പുറത്തു പോകുക. പ്ളാച്ചിമടയിലെ പരിസ്ഥിതി നിയമലംഘനത്തിന് കൊക്കക്കോളയെ ശിക്ഷിക്കുക.

മലിനീകരണം നടത്തുന്ന വ്യവസായങ്ങളുമായി വ്യവസായ മൂലധനശക്തികൾ ഇനിയും കടന്നു വരാതിരിക്കാൻ പ്ളാച്ചിമട സമരത്തെ വിജയിപ്പിക്കുക.

**ഒരു പുൽക്കൊടിയെപോലും നോവിക്കാതെ പ്ളാച്ചിമട സമരത്തെ എങ്ങനെ വിജയിപ്പിക്കാനാകുമെന്ന് താങ്കൾക്ക് നിർദ്ദേശങ്ങളുണ്ടോ, ഉണ്ടെങ്കിൽ ഞങ്ങൾക്കെഴുതുക.**

*പ്ളാച്ചിമട കൊക്കക്കോള വിരുദ്ധ സമരസമിതി*
*പ്ളാച്ചിമട, കന്നിമാരി പി.ഒ., പാലക്കാട് (ജില്ല)*